ഭൂവിനിയോഗം

നെൽകൃഷി 5 ഹെക്ടറാണ്. റബർ കൃഷി 5 ഹെക്ടറാണ്. മറ്റുകൃഷികൾ 36 ഹെക്ടറാണ്. വ്യാവസായ നഗരമായി വളർന്ന കളമശ്ശേരി നഗരസഭയിൽ വ്യാവസായിക ആവശ്യത്തിനും കച്ചവട ആവശ്യത്തിനുമായാണ് ഭൂമി തരംമാറ്റ പ്പെട്ടിട്ടുള്ളത്. ആയതിൽ ഒമ്പതാം പദ്ധതി കാലയളവിനേക്കാളും ഭൂമിയുടെ വില യിൽ 100ശതമാനം വർദ്ധനവുണ്ടായി. ജനസാന്ദ്രതയിൽ മുന്നിൽ നിൽക്കുന്ന നഗര സഭയിൽ പാർപ്പിടാവശ്യത്തിനായും വളരെയധികം ഭൂമി ഉപയോഗിക്കുന്നുണ്ട്. എച്ച്.എം.ടി, കുസാറ്റ്, നുവാൽസ്, വ്യാവസായിക പരിശീലന കേന്ദ്രങ്ങൾ, എസ്.സി.എം.എസ്, രാജഗിരി, സെന്റ് ജോസഫ്, കിൻഫ്ര, ചെറുകിട വ്യവസായ മേഖല തുടങ്ങിയ മേഖലകളിലാണ് നഗരസഭ പരിധിയിലുള്ള ഭൂമിയുടെ ബഹുഭൂരി ഭാഗവും

മനുഷ്യവിഭവം

കളമശ്ശേരി നഗരസഭ ജനസംഖ്യകൊണ്ട് കേരളത്തിൽ മുന്നിൽ നിൽക്കുന്നു. സാങ്കേതിക വിദ്യാഭ്യാസത്തിലും വിദ്യാഭ്യാസ നിലവിരത്തിലും വളരെയധികം മുന്നിൽനിൽക്കുന്ന കളമശ്ശേരി നിവാസികൾ വിദേശങ്ങളിൽ തൊഴിൽ സാദ്ധ്യത നേടിയിട്ടുണ്ട്. മനുഷ്യവിഭവത്തിന്റെ കാര്യത്തിൽ അന്യസംസ്ഥാന തൊഴിലാളിക ളുടെ സാന്നിദ്ധ്യം കളമശ്ശേരിയിൽ വളരെ കടുതലുണ്ട്.

കളമശ്ശേരിയിലെ ജനസംഖ്യ

	1971	1981	1991	2001	2011
സ്ത്രീ	15528	22801	32801		35707
പുരുഷൻ	14018	20966	20966		35331
ആകെ	29546	43767	43767	63176	71038

2011-ലെ സെൻസസ് പ്രകാരം കേരളത്തിലെ ഏറ്റവും ജനസംഖ്യയുള്ള മുനി സിപ്പാലിറ്റിയാണ് കളമശ്ശേരി. വിസ്തീർണ്ണം 27.0 ചതുരശ്രകിലോമീറ്റർ, ജനങ്ങൾ 71038, ജനസാന്ദ്രത 2631, 42 വാർഡുകൾ നഗരസഭാതിർത്തിക്കുള്ളിലാണ്. കളമശ്ശേരി റെയിൽവേസ്റ്റേഷൻ, ഇവിടെ പ്രധാന പാസഞ്ചർ ട്രെയിനുകളേ നിറുത്താറുള്ളു. പ്രധാന റോഡിലേക്കുള്ള സഞ്ചാര സൗകര്യം പരിമിതപ്പെട്ടിരിക്കുകയാണ്. എന്നാൽ ചരക്കു ഗതാഗതത്തിന്റെ പ്രധാന റെയിൽവേ സ്റ്റേഷനാണ് ഇത്. കളമശ്ശേരി വ്യവ

സായ സ്ഥാപനങ്ങൾ, ഇരുമ്പുരുക്ക് ഇവ ഇറക്കുകയും കയറ്റുകളും ചെയ്യുന്നു. സ്ത്രീ-പുരുഷന്മാർ ഏതാണ്ട് തുല്യ എണ്ണത്തിലാണ്. 9-ാം പദ്ധതിക്കാലത്ത് സ്ത്രീകൾ കൂടുതലായിരുന്നു. ഇപ്പോൾ നഗരത്തിൽ 18000 വീടുകളുണ്ട്. ശരാശരി നാലുപേർ ഓരോ വീട്ടിലും.

ജനങ്ങൾ

പൊതുവിഭാഗം	–	65024
ആൺ	–	32379
പെൺ	–	32645
പട്ടികജാതി	–	5630
പട്ടികജാതി ആൺ	–	2762
പട്ടികജാതി പെൺ	–	2868
പട്ടിക വർഗ്ഗം	–	384
പട്ടിക വർഗ്ഗം ആൺ	–	190
പട്ടിക വർഗ്ഗം പെൺ	–	194
കുട്ടികൾ	–	7491
കൂട്ടികൾ ആൺ	–	3766
പെൺ	–	3725

ജനസംഖ്യയിൽ 91.5% പൊതുവിഭാഗത്തിലാണ്. 7.9 ശതമാനം പട്ടികജാതി വിഭാഗവും 0.5 ശതമാനം പട്ടികവർഗ്ഗം 0.1 ശതമാനം മറ്റെല്ലാ മതവിഭാഗങ്ങളു മാണ്.

	സിക്ക്	ബുദ്ധ	ജൈന	മറ്റുള്ളവർ	മതപറയാത്തവർ
ആൺ	8	2	5	10	71
പെൺ	6	4	2	9	80
ആകെ	14	6	7	19	151

ജനസംഖ്യ പിന്നിട്ട ഒരു ദശകത്തിൽ 12.6% വർദ്ധിച്ചിട്ടുണ്ട്. സ്ത്രീ ജനസംഖ്യ വർദ്ധനവ് പുരുഷന്മാരേക്കാൾ 3.8% കൂടുതലാണ്. ഇതും ഈ ദശകത്തിലെ മാറ്റ മാണ്. പൊതുവിഭാഗം ജനങ്ങൾ 10 വർഷംകൊണ്ട് 13ശതമാനം വർദ്ധിച്ചപ്പോൾ പട്ടിക ജാതി വിഭാഗം 6 ശതമാനം മാത്രമേ വർദ്ധിച്ചിട്ടുള്ളു. പട്ടികവർഗ്ഗവിഭാഗം 34.7 ശതമാനം വർദ്ധിച്ചിട്ടുണ്ട്. കുട്ടികളുടെ എണ്ണം 12.5 ശതമാനത്തോളം വർദ്ധി ച്ചിട്ടുണ്ട്. കളമശ്ശേരിയിലെ ജനസംഖ്യാവർദ്ധനവ് ശ്രദ്ധേയമാണ്. സ്ത്രീകളുടെ എണ്ണത്തിലും ഇത് കാണാം.

1971-2011 കാലയളവിൽ കേരളത്തിൽ 23% വും ജില്ലയിൽ 19% വും സ്ത്രീകൾ വർദ്ധിച്ചപ്പോൾ കളമശ്ശേരിയിൽ അത് 24% ആണ്. എന്നാൽ ഒരു കുടുംബത്തിലെ ശരാശരി അംഗങ്ങളുടെ കണക്ക് നോക്കിയാൽ അത് സംസ്ഥാന ശരാശരിയേ ക്കാളും കുറവാണ്. ഈ നഗരപ്രദേശത്തേക്കുള്ള കുടിയേറ്റത്തിന്റെ ആധിക്യമാണ് ഇത് കാണിക്കുന്നത്. എല്ലാ ഉന്നത വിദ്യാഭ്യസ സ്ഥാപനങ്ങളുടെയും വ്യവസായ കേന്ദ്രങ്ങളുടെയും വർദ്ധനവാണ് ഇതിന് കാരണം.

സാക്ഷരത

1971-ൽ ദേശീയ ശരാശരിയേക്കാളും കൂടുതലായിരുന്നു കളമശ്ശേരിയിൽ സാക്ഷര എങ്കിലും ഇന്ന് കേരളത്തേക്കാളും എറണാകുളം ജില്ലയേക്കാളും താഴെ യാണ്, എന്നാൽ കളമശ്ശേരിയിൽ നടന്ന സമ്പൂർണ്ണ സാക്ഷരത യജ്ഞത്തിന്റെ ഫലമായി സാക്ഷരത നിരക്കും സർവ്വശിക്ഷാഅഭിയാനിലൂടെ പ്രാഥമിക വിദ്യാഭ്യാസം, നാലം തരം തുല്യത, 10-ാംതരം നേടിയവരുടെ എണ്ണം ഇപ്പോൾ കളമശ്ശേരിയിൽ കൂടുതലാണ്.

96 ശതാനം വരുന്ന എന്ന ഉയർന്ന സാക്ഷരതയാണ് കളമശ്ശേരി നഗരസഭ യ്ക്കുള്ളത്. 98%മാണ് പുരുഷ സാക്ഷരത. സ്ത്രീകളുടേത് 95%വും ആകെ സാക്ഷരത നിരക്ക് 3%ശതമാനം നഗരത്തിൽ അധികരിച്ചിട്ടുണ്ട്.

	പുരുഷൻ	സ്ത്രീ	ആകെ
2011	95.9	90.4	93.2
	97.6	94.2	95.9

തൊഴിലാളികളുടെ നില

	കളമശ്ശേരി	എറണാകുളം	കേരളം
1971	28	29	30
1991	32	35	32
2001	38	40	35
2011	42	44	37

1991 ൽ 32 ശതമാനം ജനങ്ങളേ തൊഴിൽ ചെയ്യുന്നവരായി കളമശ്ശേരി നഗരസഭാ പരിധിയിൽ ഉണ്ടായിരുന്നുള്ളു. ഇപ്പോൾ ഇതിൽ കാര്യമായ മാറ്റം സംഭവിച്ചിട്ടുണ്ട്. 1991 കാലയളവിൽ തൊഴിൽ ചെയ്യുന്ന സ്ത്രീകളുടെ എണ്ണം പുരുഷന്മാരുടേതിനാക്കാൾ തുലോം കുറവാണ്. തൊഴിൽ ചെയ്യുന്നവർ കളമശ്ശേരിയിൽ 1991 –2001–2011 4ൽ 3 ശതമാനം വനിതകളും തൊഴിൽ മേഖലയിൽ നിന്നും മാറി നിൽക്കുന്ന സ്ഥിതി ഇന്നില്ല. എന്നാൽ കളമശ്ശേരിയിൽ ഏറ്റവും പ്രധാനപ്പെട്ട എച്ച്.എം.ടി, അപ്പോളോ ടയേഴ്സ്, ചെറുകിട വ്യാവസായ മേഖല എന്നിവിടങ്ങളിൽ പേരിനുമാത്രമേ സ്ത്രീകളുള്ളു. കളമശ്ശേരിയ്ക്ക് അകത്തും പുറത്തുമുള്ള വൻകിട-ചെറുകിട വ്യാപാരസ്ഥാപനങ്ങളിലും മറ്റ് സേവന തുറകളിലുമാണ് സ്ത്രീകൾ ജോലിക്കായി ചേക്കേറിയിട്ടുള്ളത്. എന്നാലും കളമശ്ശേരിയിൽ 42ശതമാനം പേർക്കേ ജോലിയുള്ളുവെന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. ജനങ്ങളിൽ 37ശതമാനം പ്രധാനമോ അപ്രധാനമോ ആയ തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്നു. തൊഴിൽ ശേഷിയിലെ 55 ശതമാനം പുരുഷന്മാരും സ്ത്രീകളിൽ 20ശതമാനവും തൊഴിൽ എടുക്കുന്നു. പുരുഷ തൊഴിൽ സേനയിലെ 51 ശതമാനത്തിനും സ്ഥിരം തൊഴിലുണ്ട്. 4 ശതമാനത്തിന് താൽക്കാലിക തൊഴിലുകളും സ്ത്രീകളുടെ തൊഴിൽ സേനയിൽ 17 ശതമാനം മാത്രമാണ് സ്ഥിരം തൊഴിലുള്ളത്. 3 ശതമാനത്തിന് അസ്ഥിര തൊഴിലുകളാണ്.

ആകെ തൊഴിലെടുക്കുന്ന 37.2ശതമാനം പേർ 33.6 ശതമാനം പേരും സ്ഥിരം തൊഴിലുള്ളവരും 3.7 ശതമാനം പേർ ജനറലായ ജോലിൽ ഏർപ്പെട്ടിരിക്കുന്നവ രുമാണ്. ഭീതിതമായ കാര്യം 62.8 പേർ തൊഴിൽ രഹിതരാണ്. തൊഴിലില്ലായ്മയു മായി ബന്ധപ്പെട്ട പഠനത്തിന് ഇവിടെയും മുതിരുന്നില്ല. ഇത്തരം കണക്കുകളിൽ പൂർണ്ണമായും ആശ്രയിക്കാൻ കഴിയാത്ത സ്ഥിതിയുണ്ട്.

വ്യവസായവത്ക്കരണവും നഗരവത്ക്കരണവും കാർഷിക രംഗത്തെ മുരടിപ്പും കാർഷിക മേഖലയിൽ പണി എടുത്തിരുന്ന അനവധി പേരെ ആ രംഗം വിടുവാൻ നിർബ്ബന്ധിതരാക്കി. അവർ നിർമ്മാണ മേഖലയിലേക്കും സേവന മേഖലയിലേ ക്കുമാണ് എത്തിപ്പെട്ടത്.

27 ചതുരശ്ര കിലോമീറ്റർ വിസ്തൃതമായ ജില്ലയിൽ വിസ്തൃതിയിൽ മുന്നിൽ നിൽക്കുന്ന കളമശ്ശേരിയുടെ കിഴക്കൻ മേഖലയിൽ 9-ാം പദ്ധതിക്കാലത്ത് കൃഷി ക്കായിരുന്നു പ്രാതിനിത്യമുണ്ടായിരുന്നത്. 1990-ൽ നഗരസഭയായി മാറിയതിന് ശേഷം കിഴക്കൻ മേഖലയിൽ കാർഷിക വൃത്തിയിൽ കുറവ് സംഭവിച്ചിട്ടുണ്ട്. തൃക്കാക്കരയുമായി അതിർത്തി പങ്കിടുന്ന ഈ പ്രദേശങ്ങൾക്കാണ് കുറച്ചെങ്കിലും ഗ്രാമാന്തരീക്ഷം ഉള്ളത്. കളമശ്ശേരിയുടെ മുഖച്ഛായ മാറ്റിയ സംവിധാനങ്ങളാണ് ലുലുമാളും കൊച്ചി മെട്രോയും. പാരിസ്ഥിതികമായ ചൂട് വർദ്ധിച്ചിട്ടുണ്ടെങ്കിലും ആധുനിക വികസന സങ്കൽപ്പത്തിൽ അത്തരം ഘടകങ്ങൾ പ്രധാനമാണ്. ചിൽഡ്രൻസ് സയൻസ് പാർക്ക്, മൾട്ടി പർപ്പസ് ഇൻഡോർ സ്റ്റേഡിയം, കിൻഫ്ര, മെഡിക്കൽ കോളേജ് തുടങ്ങിയ നിരവധി സ്ഥാപനങ്ങൾ കളമശ്ശേരിക്ക് നഗര മുഖം മാറ്റുന്നതിൽ പങ്കുവഹിച്ചിട്ടുണ്ട്.